**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് - പതിനഞ്ചാം കേരള നിയമസഭ - പതിനൊന്നാം സമ്മേളനം - 28/06/2024-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് - മന്ത്രിസഭാ യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

**സ.ഉ(കൈ) നം. 3/2024/പിഎഡി** **തീയതി, തിരുവനന്തപുരം, 27/06/2024**

പരാമർശം : 1. നിയമസഭാ സെക്രട്ടറിയുടെ 22/06/2024 തീയതിയിലെ 10484/പി.എം.ബി.ആർ.1/2024/ലെജി നമ്പർ കത്ത്.

2. 26/06/2024 -ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

28/06/2024-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന താഴെപ്പറയുന്ന നാല് അനൗദ്യോഗിക പ്രമേയങ്ങളിൽ നാലും അനുകൂലിക്കേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം ബന്ധപ്പെട്ട മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്.

**ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1. | **ശ്രീ.എൻ. ഷംസുദ്ദീൻ** (2023 മാർച്ച് 3-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | **നൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക** സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ | ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം<br><br>പൊതുവിദ്യാഭ്യാസവും - തൊഴിലും | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീമെടിക് സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം.<br>2022-23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.<br>ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു. | | |
| 2. | **ശ്രീമതി.കാനത്തിൽ ജമീല** | **ഭക്ഷ്യ പൊതുവിതരണ മേഖലയിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിക്കുക**<br>സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യ-ധാന്യവിഹിതവും മണ്ണെണ്ണയും അനുവദിക്കാതെയും ഭക്ഷ്യധാന്യ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കാതെയും ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം | ഭക്ഷ്യ - പൊതുവിതരണം | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ സപ്ലൈകോ അടക്കമുള്ള സർക്കാർ ഏജൻസികൾക്ക് വിലക്കേർപ്പെടുത്തിയും പൊതുജനങ്ങൾക്ക് ദോഷകരമായ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് പൊതുവിതരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ തുടർന്നുവരുന്നു. സംസ്ഥാനത്തെ ജനങ്ങളോടുള്ള വിവേചനപരമായ തീരുമാനങ്ങൾ പിൻവലിക്കണമെന്നും അർഹതപ്പെട്ട അവശ്യ ഉൽപന്നങ്ങൾ വെട്ടിക്കുറവ് വരുത്താതെയും കാലവിളംബം കൂടാതെയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും നിരവധി തവണ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് ശ്രമങ്ങൾ നടക്കുമ്പോഴും പൊതുവിതരണം ഒരു പരിധിവരെ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിലും സംസ്ഥാനസർക്കാർ ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റി വരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനതീതമായി കേന്ദ്ര സർക്കാർ പുലർത്തുന്ന വിവേചനപരമായ തീരുമാനങ്ങൾ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്നു.<br><br>ഈ സാഹചര്യത്തിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിച്ച് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറവില്ലാതെ അനുവദിക്കണമെന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഒ.എം.എസ്. സ്കീമിൽ സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു. | | |

| | | | |
|---|---|---|---|
| **ശ്രീ.സനീഷ് കുമാർ ജോസഫ്** | **<u>തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുക</u>**<br>മികച്ച ചികിത്സ നൽകുന്ന ആശുപത്രികളേറെയുണ്ടെങ്കിലും ഗവേഷണ സ്ഥാപനമില്ലാത്തത് സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ പരിമിതിയാണ്. ഏതുരോഗ ഗവേഷണം നടത്തുന്ന തിരുവനന്തപുരത്തെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ് അങ്ങനെയുള്ള ഏക സ്ഥാപനം. പ്രമേഹരോഗികളിൽ രാജ്യത്ത് മുന്നിൽ, സ്ത്രീകളിലെ തൈറോയ്ഡ് കാൻസറിൽ രണ്ടാമത് എന്നിങ്ങനെയാണ് കേരളത്തിന്റെ സ്ഥിതി. നിപ്പ, സിക്ക അടക്കം ലോകത്ത് മറ്റിടങ്ങളിലുള്ള രോഗങ്ങളെല്ലാം ഇവിടെയും റിപ്പോർട്ട് ചെയ്യാറുണ്ട്. ഈ സാഹചര്യത്തിൽ എയിംസ് വന്നാൽ ഗുണമേന്മയുള്ള വിദഗ്ധചികിത്സയും, വൈറോളജിയിലും രോഗങ്ങളിലും ഗവേഷണവും, വിദഗ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനവും കേരളത്തിന് ലഭിക്കും. ആരോഗ്യ മേഖലയിലെ കുതിപ്പിന് കേരളത്തിന് എയിംസ് അത്യന്താപേക്ഷിതമാണ്.<br>റോഡും കുടിവെള്ളവുമുള്ള 200 ഏക്കർ ഭൂമി നൽകിയാൽ എയിംസ് അനുവദിക്കാമെന്ന് 2014-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതാണ്. കേരളത്തിന് എയിംസ് അനുവദിക്കുക എന്നത് ഏറെ നാളായുള്ള ആവശ്യമാണ്. ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തതാണ് എയിംസ് അനുവദിക്കുന്നതിന് തടസ്സമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടുന്നത്.<br>എയിംസ് സ്ഥാപിക്കുവാൻ സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ പ്രദേശം തൃശ്ശൂർ ജില്ലയിലെ കൊരട്ടിയാണ്. കേരളത്തിന്റെ മധ്യഭാഗത്തായി ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കൊരട്ടി. പൂട്ടിപ്പോയ കേന്ദ്ര ഗവ.പ്രസ്, വൈഗൈ ത്രെഡ്സ്, തിരുമുടിക്കുന്ന ത്വക്ക് രോഗാശുപത്രിയുടെ 100 ഏക്കർ ഉൾപ്പെടെ ഏതാണ്ട് 258 ഏക്കർ ഭൂമി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥയിലുണ്ട്. | ആരോഗ്യ-വനിത-ശിശുവികസനം | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കാതെ സർക്കാർ ഭൂമിയിൽ തന്നെ എയിംസ് നിർമ്മിക്കുവാൻ കഴിയും. കൊരട്ടി റെയിൽവേ സ്റ്റേഷനിൽ നിന്ന് അര കി.മീ. ദൂരം, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 15 കി.മീ. ദൂരം, ചാലക്കുടി പുഴ അടക്കമുള്ള നിരവധി അനുകൂല ഘടകങ്ങളുമുണ്ട്.<br>ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുവാൻ സത്വര നടപടിയുണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. | | |
| 4. | **ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ** | **<u>കേന്ദ്ര വന്യജീവി നിയമം കാലോചിതമായി പരിഷ്കരിക്കുക</u>**<br>സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയമാണ് വന്യജീവി ആക്രമണവും മനുഷ്യ-വന്യജീവി സംഘർഷവും. കേരള സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മൂന്നിലൊന്നും വനമേഖലയാണ്. എന്നാൽ ഈ വനമേഖലയ്ക്കുള്ളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും ഏറെ അധികരിച്ചിരിക്കുന്നു വന്യജീവികളുടെ എണ്ണപ്പെരുക്കം. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ ഉള്ളതിനാൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും വന്യജീവി ആക്രമണത്തിൽ നിന്ന് പ്രതിരോധം സൃഷ്ടിക്കുന്നതിനു പോലും ഇന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഈ സാഹചര്യത്തിൽ 1972-ലെ കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുകയും വന്യജീവി ഉപദ്രവങ്ങൾക്ക് അറുതി വരുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വന്യജീവി നിയമത്തിന്റെ സംരക്ഷണ വ്യവസ്ഥകൾ വനത്തിനുള്ളിൽ മാത്രമാക്കി പരിമിതപ്പെടുത്തിക്കൊണ്ടും വനാതിർത്തിയിൽ നിന്നും പുറത്തിറങ്ങി മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ച് കൊല്ലാൻ ഏതൊരാൾക്കും അധികാരം ലഭ്യമാകുന്ന ഷൂട്ട് അറ്റ് സൈറ്റ് വ്യവസ്ഥയും, അതോടൊപ്പം | വനം-വന്യജീവി | അനുകൂലിക്കേണ്ടതില്ല |

| | | | | |
|---|---|---|---|---|
| | | വന്യജീവികളുടെ അമിതമായ എണ്ണപ്പെരുക്കം നിയന്ത്രിക്കുന്നതിന് നിർദ്ദിഷ്ട കാലയളവുകളിൽ Culling നടപ്പിലാക്കുക, അതേപോലെതന്നെ കൃത്രിമ ജനന നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ച് ക്രമാതീതമായി വന്യമൃഗങ്ങൾ പെരുകുന്നത് തടയുന്നതിനും അടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലോചിതമായി ഭേദഗതിചെയ്ത് പരിഷ്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | | |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്ക് അടിയന്തരമായി നൽകേണ്ടതാണ്.

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**ഡോ. രാജു നാരായണ സ്വാമി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ബന്ധപ്പെട്ട വകുപ്പുകൾക്ക്
(ഈ വകുപ്പിന്റെ 22/06/2024-ലെ പിഎഡി-ബി1/46/2024-പിഎഡി നമ്പർ കത്ത് /കുറിപ്പ് പ്രകാരം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക്
പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ
പാർലമെന്ററികാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ
പൊതുഭരണ (എസ്.സി) വകുപ്പ്, (26/06/2024-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ:2240 പ്രകാരം)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-06-2024

ഫയൽ നം. പിഎഡി-ബി1/46/2024/പിഎഡി. ഇനം നം: 2240

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 28.06.2024-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

(1) തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ അനുകൂലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **പിഎഡി-ബി1/46/2024-പിഎഡി** |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (ബി) വകുപ്പ് |
| 3 | വിഷയം | : | 28/06/2024 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 25/06/2024 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | ഇല്ല |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ബാധകമല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര്; | : | ശ്രീ. സജീവ്.ഇ.പി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | : | ഡോ. രാജു നാരായണ സ്വാമി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | : | 23/06/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ഡോ. വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 24/06/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ.എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 24/06/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 26/06/2024 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | 26/06/2024 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | 27/06/2024 ലെ സ.ഉ(കൈ)നം.3/2024/പിഎഡി |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

15-ാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 28/06/2024 വെള്ളിയാഴ്ച കേരള നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 28/06/2024-ന് സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

**ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1. | **ശ്രീ.എൻ. ഷംസുദ്ദീൻ** (2023 മാർച്ച് 3-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | **നൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക**<br>സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ | ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം<br><br>പൊതുവിദ്യാഭ്യാസവും – തൊഴിലും |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം.<br>2022-23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.<br>ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു. | |

| | | | |
|---|---|---|---|
| 2. | **ശ്രീമതി.കാനത്തിൽ ജമീല** | **<u>ഭക്ഷ്യ പൊതുവിതരണ മേഖലയിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിക്കുക</u>**<br>സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യ-ധാന്യവിഹിതവും മണ്ണെണ്ണയും അനുവദിക്കാതെയും ഭക്ഷ്യധാന്യ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കാതെയും ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ സപ്ലൈകോ അടക്കമുള്ള സർക്കാർ ഏജൻസികൾക്ക് വിലക്കേർപ്പെടുത്തിയും പൊതുജനങ്ങൾക്ക് ദോഷകരമായ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് പൊതുവിതരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ തുടർന്നുവരുന്നു. സംസ്ഥാനത്തെ ജനങ്ങളോടുള്ള വിവേചനപരമായ തീരുമാനങ്ങൾ പിൻവലിക്കണമെന്നും അർഹതപ്പെട്ട അവശ്യ ഉൽപന്നങ്ങൾ വെട്ടിക്കുറവ് വരുത്താതെയും കാലവിളംബം കൂടാതെയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും നിരവധി തവണ സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് ശ്രമങ്ങൾ നടക്കുമ്പോഴും പൊതുവിതരണം ഒരു പരിധിവരെ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിലും സംസ്ഥാനസർക്കാർ ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റി വരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തി-നതീതമായി കേന്ദ്രസർക്കാർ പുലർത്തുന്ന വിവേചനപരമായ തീരുമാനങ്ങൾ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്നു. | ഭക്ഷ്യ – പൊതുവിതരണം |

| | | | |
|---|---|---|---|
| | | ഈ സാഹചര്യത്തിൽ സംസ്ഥാന-ത്തോടുള്ള വിവേചനം അവസാനിപ്പിച്ച് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറവില്ലാതെ അനുവദിക്കണമെന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഒ.എം.എസ്. സ്കീമിൽ സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തി-യിരിക്കുന്ന വിലക്ക് പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു. | |
| 3. | **ശ്രീ.സനീഷ് കുമാർ ജോസഫ്** | **<u>തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുക</u>**<br>മികച്ച ചികിത്സ നൽകുന്ന ആശുപത്രികളേറെയുണ്ടെങ്കിലും ഗവേഷണ സ്ഥാപനമില്ലാത്തത് സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ പരിമിതിയാണ്. ഹൃദ്രോഗ ഗവേഷണം നടത്തുന്ന തിരുവനന്തപുരത്തെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ് അങ്ങനെയുള്ള ഏക സ്ഥാപനം. പ്രമേഹരോഗികളിൽ രാജ്യത്ത് മുന്നിൽ, സ്ത്രീകളിലെ തൈറോയ്ഡ് കാൻസറിൽ രണ്ടാമത് എന്നിങ്ങനെയാണ് കേരളത്തിന്റെ സ്ഥിതി. നിപ്പ, സിക്ക അടക്കം ലോകത്ത് മറ്റിടങ്ങളിലുള്ള രോഗങ്ങളെല്ലാം ഇവിടെയും റിപ്പോർട്ട് ചെയ്യാറുണ്ട്. ഈ സാഹചര്യത്തിൽ എയിംസ് വന്നാൽ ഗുണമേന്മയുള്ള വിദഗ്ധചികിത്സയും, വൈറോളജിയിലും രോഗങ്ങളിലും ഗവേഷണവും, വിദഗ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനവും കേരളത്തിന് ലഭിക്കും. ആരോഗ്യ മേഖലയിലെ കുതിപ്പിന് കേരളത്തിന് എയിംസ് അത്യന്താപേക്ഷിതമാണ്.<br>റോഡും കുടിവെള്ളവുമുള്ള 200 ഏക്കർ ഭൂമി നൽകിയാൽ എയിംസ് അനുവദിക്കാമെന്ന് 2014-ൽ | ആരോഗ്യ-വനിത-ശിശുവികസനം |

| | | | |
|---|---|---|---|
| | | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതാണ്. കേരളത്തിന് എയിംസ് അനുവദിക്കുക എന്നത് ഏറെ നാളായുള്ള ആവശ്യമാണ്. ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തതാണ് എയിംസ് അനുവദിക്കുന്നതിന് തടസ്സമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടുന്നത്.<br>എയിംസ് സ്ഥാപിക്കുവാൻ സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ പ്രദേശം തൃശ്ശൂർ ജില്ലയിലെ കൊരട്ടിയാണ്. കേരളത്തിന്റെ മധ്യഭാഗത്തായി ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കൊരട്ടി. പൂട്ടിപ്പോയ കേന്ദ്ര ഗവ.പ്രസ്, വൈഗൈ ത്രെഡ്സ്, തിരുമുടിക്കുന്ന ത്വക്ക് രോഗാശുപത്രിയുടെ 100 ഏക്കർ ഉൾപ്പെടെ ഏതാണ്ട് 258 ഏക്കർ ഭൂമി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥയിലുണ്ട്. സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കാതെ സർക്കാർ ഭൂമിയിൽ തന്നെ എയിംസ് നിർമ്മിക്കുവാൻ കഴിയും. കൊരട്ടി റെയിൽവേ സ്റ്റേഷനിൽ നിന്ന് അര കി.മീ. ദൂരം, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 15 കി.മീ. ദൂരം, ചാലക്കുടി പുഴ അടക്കമുള്ള നിരവധി അനുകൂല ഘടകങ്ങളുമുണ്ട്.<br>ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുവാൻ സത്വര നടപടിയുണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. | |
| 4. | **ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ** | **<u>കേന്ദ്ര വന്യജീവി നിയമം കാലോചിതമായി പരിഷ്കരിക്കുക</u>**<br>സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയമാണ് വന്യജീവി ആക്രമണവും മനുഷ്യ-വന്യജീവി സംഘർഷവും. കേരള സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മൂന്നിലൊന്നും വനമേഖലയാണ്. | വനം-വന്യജീവി |

| | | | |
|---|---|---|---|
| | | എന്നാൽ ഈ വനമേഖലയ്ക്കുള്ളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും ഏറെ അധികരിച്ചിരിക്കുന്നു വന്യജീവികളുടെ എണ്ണപ്പെരുക്കം. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ ഉള്ളതിനാൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും വന്യജീവി ആക്രമണത്തിൽ നിന്ന് പ്രതിരോധം സൃഷ്ടിക്കുന്നതിനു പോലും ഇന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഈ സാഹചര്യത്തിൽ 1972-ലെ കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുകയും വന്യജീവി ഉപദ്രവങ്ങൾക്ക് അറുതി വരുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വന്യജീവി നിയമത്തിന്റെ സംരക്ഷണ വ്യവസ്ഥകൾ വനത്തിനുള്ളിൽ മാത്രമാക്കി പരിമിതപ്പെടുത്തിക്കൊണ്ടും വനാതിർത്തിയിൽ നിന്നും പുറത്തിറങ്ങി മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ച് കൊല്ലാൻ ഏതൊരാൾക്കും അധികാരം ലഭ്യമാകുന്ന ഷൂട്ട് അറ്റ് സൈറ്റ് വ്യവസ്ഥയും, അതോടൊപ്പം വന്യജീവികളുടെ അമിതമായ എണ്ണപ്പെരുക്കം നിയന്ത്രിക്കുന്നതിന് നിർദ്ദിഷ്ട കാലയളവുകളിൽ Culling നടപ്പിലാക്കുക, അതേപോലെതന്നെ കൃത്രിമ ജനന നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ച് ക്രമാതീതമായി വന്യമൃഗങ്ങൾ പെരുകുന്നത് തടയുന്നതിനും അടക്കമുള്ള വ്യവസ്ഥകൾ | |

| | | | |
|---|---|---|---|
| | | ഉൾപ്പെടുത്തി മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലോചിതമായി ഭേദഗതിചെയ്ത് പരിഷ്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | |

3) പ്രസ്തുത പ്രമേയങ്ങൾ 28/06/2024-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

28/06/2024-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2, 3 & 4 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്തു നിലപാട് സ്വീകരിക്കണം?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File number | : | PAD-B1/46/2024-PAD |
| 2 | Department | : | Parliamentary Affairs (B) Department |
| 3 | Subject | : | To decide the stand of Government on the Private Members Resolutions which come up for discussion in the Legislative Assembly on 28/06/2024 |
| 4 | Date of Chief Minister's order for placing before the Council; | : | 25/06/2024 |
| 5 | I) Does the case involve financial commitments/implications; | : | No |
| | | : | NA |
| | ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note; | : | No |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council; | : | yes |
| | | : | No |
| 7 | Name of Special Secretary who submitted the draft note; | : | Sri.Sajeev.E.P |
| 8 | Name of the Principal Secretary who approved the draft note; | : | Dr. Raju Narayana Swamy |
| 9 | Date of approval of the draft note for the Council by the Principal Secretary; | : | 23/06/2024 |
| 10 | Name of the Chief Secretary who approved the draft note; | : | Dr.Venu.V |
| 11 | Date of approval of the draft note for the council by the Chief Secretary; | : | 24/06/2024 |
| 12 | Name of the Minister who approved the draft note; | : | Sri. M.B.Rajesh |
| 13 | Date of approval of the draft note for the council by the Minister; | : | 24/06/2024 |
| 14 | Date of submission of fair copies; | : | 26/06/2024 |
| 15 | Date of decision by the council of Ministers; | : | 26/06/2024 |
| 16 | Number and date of Government Order/Letter communicating the decision; | : | G.O(M.S )No.3/2024/PAD Dated.27/06/2024 |

## NOTE FOR THE COUNCIL OF MINISTERS

This note is for deciding the stand to be taken by the Government on the Private Members Resolutions awaiting discussion on 28/06/2024 Friday in the 11th Session of 15th Kerala Legislative Assembly.

2. The list of the Private Members Resolutions which come up for discussion on 28/06/2024 in the Kerala Legislative Assembly is given below:-

**ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1. | **ശ്രീ.എൻ. ഷംസുദ്ദീൻ** (2023 മാർച്ച് 3-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | **ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക**<br>സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 | ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം<br><br>പൊതുവിദ്യാഭ്യാസവും - തൊഴിലും |

| | | | |
|---|---|---|---|
| | | വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം.<br><br>2022–23–ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ–ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.<br><br>ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര–സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു. | |

| | | | |
|---|---|---|---|
| 2. | **ശ്രീമതി.കാനത്തിൽ ജമീല** | **<u>ഭക്ഷ്യ പൊതുവിതരണ മേഖലയിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിക്കുക</u>**<br>സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യവിഹിതവും മണ്ണെണ്ണയും അനുവദിക്കാതെയും ഭക്ഷ്യധാന്യ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കാതെയും ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ സപ്ലൈകോ അടക്കമുള്ള സർക്കാർ ഏജൻസികൾക്ക് വിലക്കേർപ്പെടുത്തിയും പൊതുജനങ്ങൾക്ക് ദോഷകരമായ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് പൊതുവിതരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ തുടർന്നുവരുന്നു. സംസ്ഥാനത്തെ ജനങ്ങളോടുള്ള വിവേചനപരമായ തീരുമാനങ്ങൾ പിൻവലിക്കണമെന്നും അർഹതപ്പെട്ട അവശ്യ ഉൽപന്നങ്ങൾ വെട്ടിക്കുറവ് വരുത്താതെയും കാലവിളംബം കൂടാതെയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും നിരവധി തവണ സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് ശ്രമങ്ങൾ നടക്കുമ്പോഴും പൊതുവിതരണം ഒരു പരിധിവരെ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിലും സംസ്ഥാനസർക്കാർ ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റി വരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനതീതമായി കേന്ദ്രസർക്കാർ പുലർത്തുന്ന വിവേചനപരമായ തീരുമാനങ്ങൾ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്നു. | ഭക്ഷ്യ – പൊതുവിതരണം |

| | | | |
|---|---|---|---|
| | | ഈ സാഹചര്യത്തിൽ സംസ്ഥാന-ത്തോടുള്ള വിവേചനം അവസാനിപ്പിച്ച് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറവില്ലാതെ അനുവദിക്കണമെന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഒ.എം.എസ്. സ്കീമിൽ സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തി-യിരിക്കുന്ന വിലക്ക് പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്നു. | |
| 3. | **ശ്രീ.സനീഷ് കുമാർ ജോസഫ്** | **<u>തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുക</u>**<br>മികച്ച ചികിത്സ നൽകുന്ന ആശുപത്രികളേറെയുണ്ടെങ്കിലും ഗവേഷണ സ്ഥാപനമില്ലാത്തത് സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ പരിമിതിയാണ്. ഹൃദ്രോഗ ഗവേഷണം നടത്തുന്ന തിരുവനന്തപുരത്തെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ് അങ്ങനെയുള്ള ഏക സ്ഥാപനം. പ്രമേഹരോഗികളിൽ രാജ്യത്ത് മുന്നിൽ, സ്ത്രീകളിലെ തൈറോയ്ഡ് കാൻസറിൽ രണ്ടാമത് എന്നിങ്ങനെയാണ് കേരളത്തിന്റെ സ്ഥിതി. നിപ്പ, സിക്ക അടക്കം ലോകത്ത് മറ്റിടങ്ങളിലുള്ള രോഗങ്ങളെല്ലാം ഇവിടെയും റിപ്പോർട്ട് ചെയ്യാറുണ്ട്. ഈ സാഹചര്യത്തിൽ എയിംസ് വന്നാൽ ഗുണമേന്മയുള്ള വിദഗ്ധചികിത്സയും, വൈറോളജിയിലും രോഗങ്ങളിലും ഗവേഷണവും, വിദഗ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനവും കേരളത്തിന് ലഭിക്കും. ആരോഗ്യ മേഖലയിലെ കുതിപ്പിന് കേരളത്തിന് എയിംസ് അത്യന്താപേക്ഷിതമാണ്.<br>റോഡും കുടിവെള്ളവുമുള്ള 200 ഏക്കർ ഭൂമി നൽകിയാൽ എയിംസ് അനുവദിക്കാമെന്ന് 2014-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതാണ്. കേരളത്തിന് എയിംസ് അനുവദിക്കുക എന്നത് | ആരോഗ്യ-വനിത-ശിശുവികസനം |

| | | | |
|---|---|---|---|
| | | ഏറെ നാളായുള്ള ആവശ്യമാണ്. ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തതാണ് എയിംസ് അനുവദിക്കുന്നതിന് തടസ്സമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടുന്നത്.<br><br>എയിംസ് സ്ഥാപിക്കുവാൻ സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ പ്രദേശം തൃശ്ശൂർ ജില്ലയിലെ കൊരട്ടിയാണ്. കേരളത്തിന്റെ മധ്യഭാഗത്തായി ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കൊരട്ടി. പൂട്ടിപ്പോയ കേന്ദ്ര ഗവ.പ്രസ്, വൈഗൈ ത്രെഡ്സ്, തിരുമുടിക്കുന്ന ത്വക്ക് രോഗാശുപത്രിയുടെ 100 ഏക്കർ ഉൾപ്പെടെ ഏതാണ്ട് 258 ഏക്കർ ഭൂമി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥയിലുണ്ട്. സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കാതെ സർക്കാർ ഭൂമിയിൽ തന്നെ എയിംസ് നിർമ്മിക്കുവാൻ കഴിയും. കൊരട്ടി റെയിൽവേ സ്റ്റേഷനിൽ നിന്ന് അര കി.മീ. ദൂരം, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 15 കി.മീ. ദൂരം, ചാലക്കുടി പുഴ അടക്കമുള്ള നിരവധി അനുകൂല ഘടകങ്ങളുമുണ്ട്.<br>ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുവാൻ സത്വര നടപടിയുണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. | |
| 4. | **ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ** | **<u>കേന്ദ്ര വന്യജീവി നിയമം കാലോചിതമായി പരിഷ്കരിക്കുക</u>**<br>സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയമാണ് വന്യജീവി ആക്രമണവും മനുഷ്യ-വന്യജീവി സംഘർഷവും. കേരള സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മൂന്നിലൊന്നും വനമേഖലയാണ്. എന്നാൽ ഈ വനമേഖലയ്ക്കുള്ളിൽ ഉൾക്കൊള്ളാൻ | വനം-വന്യജീവി |

| | | | |
|---|---|---|---|
| | | കഴിയുന്നതിലും ഏറെ അധികരിച്ചിരിക്കുന്നു വന്യജീവികളുടെ എണ്ണപ്പെരുക്കം. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ ഉള്ളതിനാൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും വന്യജീവി ആക്രമണത്തിൽ നിന്ന് പ്രതിരോധം സൃഷ്ടിക്കുന്നതിനു പോലും ഇന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഈ സാഹചര്യത്തിൽ 1972-ലെ കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുകയും വന്യജീവി ഉപദ്രവങ്ങൾക്ക് അറുതി വരുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വന്യജീവി നിയമത്തിന്റെ സംരക്ഷണ വ്യവസ്ഥകൾ വനത്തിനുള്ളിൽ മാത്രമാക്കി പരിമിതപ്പെടുത്തിക്കൊണ്ടും വനാതിർത്തിയിൽ നിന്നും പുറത്തിറങ്ങി മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ച് കൊല്ലാൻ ഏതൊരാൾക്കും അധികാരം ലഭ്യമാകുന്ന ഷൂട്ട് അറ്റ് സൈറ്റ് വ്യവസ്ഥയും, അതോടൊപ്പം വന്യജീവികളുടെ അമിതമായ എണ്ണപ്പെരുക്കം നിയന്ത്രിക്കുന്നതിന് നിർദ്ദിഷ്ട കാലയളവുകളിൽ Culling നടപ്പിലാക്കുക, അതേപോലെതന്നെ കൃത്രിമ ജനന നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ച് ക്രമാതീതമായി വന്യമൃഗങ്ങൾ പെരുകുന്നത് തടയുന്നതിനും അടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ 1972-ലെ കേന്ദ്ര | |

| | | | |
|---|---|---|---|
| | | വന്യജീവി സംരക്ഷണ നിയമം കാലോചിതമായി ഭേദഗതിചെയ്ത് പരിഷ്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | |

3. These Resolutions are meant for discussion in the Legislative Assembly on 28/06/2024. Hence the Government have to decide upon the stand to be taken well in advance when it comes up for discussion.

**POINT FOR DECISION**

What stand is to be taken by the Government when the Private Members Resolutions 1, 2, 3 & 4 come up for discussion before the Kerala Legislative Assembly on 28/06/2024?